(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ജി)&(എച്ച്) ശരാശരി പ്രതിമാസ വരുമാനം 122 ലക്ഷം രൂപയും ചെലവ് 45 ലക്ഷം രൂപയുമാണ്. എന്നാൽ കടം വാങ്ങിയ മൂലധനത്തിന്മേലുള്ള പ്രതിമാസ പലിശ 249 ലക്ഷം രൂപയാണ്. എയർ പോർട്ടിന് അന്തരാഷ്ട്ര പദവി ലഭിച്ചു കഴിഞ്ഞാൽ തന്മൂലം അന്തരാഷ്ട്ര എയർലയിനുകൾ കൂടുതൽ വരുകയും അതിൽനിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുകയും ചെയ്യാം. പലിശ ഭാരം ലഘൂകരിക്കുന്നതിനും മൂലധന പുനഃസംഘടനക്കുള്ള നിർദ്ദേശം വച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറിയും സിയാൾ മാനേജിംഗ് ഡയറക്ടറും അംഗങ്ങളായുള്ള ഒരു കമ്മിറ്റിയെ, കമ്പനിയുടെ ഭാവി നിക്ഷേപപരിപാടികളും കട ഓഹരി ഘടനയും പഠിക്കുന്നതിന് യോഗ്യരായുള്ള ഒരു ഏജൻസിയെ കണ്ടെത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്.

പുതിയ തസ്തികകൾ

54 (95)ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിലായി എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പുതിയ തസ്തികകൾ സൃഷ്ടിച്ചതുമൂലം ഉണ്ടായ അധിക സാമ്പത്തിക ബാദ്ധ്യത എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ഇപ്പോൾ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഉണ്ട്.

എൽ.എം.വി. ഡ്രൈവർമാരുടെ റാങ്ക്‌ലിസ്റ്റ്

55 (98)ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലേക്ക് എൽ.എം.വി. ഡ്രൈവർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഇതിൽ നിന്നും എത്രപേർക്ക് നിയമനം നൽകി എന്നതിന്റെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഓരോ വകുപ്പിലും വാഹനം വാങ്ങുമ്പോൾ ഡ്രൈവർ തസ്തിക സൃഷ്ടിക്കണമെന്ന പി.ആന്റ്.എ.ആർ.ഡി. സർക്കുലർ അനുസരിച്ചാണോ വകുപ്പ് അദ്ധ്യക്ഷന്മാർ വാഹനങ്ങൾ വാങ്ങുവാൻ അനുമതി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly